**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 6143** **04.07.2019 -ൽ മറുപടിയ്ക്ക്**

**ചാലക്കുടി ഹൗസിംഗ് ബോർഡ് കോളനിയിലെ സ്ഥലം ഉടമകൾക്ക് തീറാധാരം**

**ചോദ്യം**

**ശ്രീ.ബി.ഡി. ദേവസ്സി :**

(എ) 30 വർഷങ്ങൾക്ക് മുൻപ് ഭൂമി ലഭിച്ച ചാലക്കുടി ഹൗസിംഗ് ബോർഡ് കോളനിയിലെ അക്കോമഡേഷൻ സ്കീമിൽ ഉൾപ്പെട്ട സ്ഥലം ഉടമകൾക്ക് തീറാധാരം നൽകുന്നതിന് ഇനിയും നടപടി സ്വീകരിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിലുണ്ടായ കാലതാമസത്തിന് അറുതി വരുത്തി പ്രസ്തുത സ്കീമിലെ അലോട്ടികൾക്ക് തീറാധാരം നൽകുന്നതിന് സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

(എ) യും (ബി) യും ഉണ്ട്. ചാലക്കുടി ഭവന പദ്ധതിയിൽ ഉൾപ്പെട്ട 18 സെൻറ് പുറമ്പോക്ക് ഭൂമി ബോർഡിന് പതിച്ചു ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പ്രസ്തുത 18 സെന്റിന്റെ ഉടമസ്ഥാവകാശം ഇപ്പോൾ ചാലക്കുടി നഗരസഭയുടേതായതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പും, റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഭൂമി ഭവന നിർമ്മാണ ബോർഡിന് പതിച്ച് ലഭ്യമാക്കുന്നതിന് ധ്രുതഗതിയിലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത ഭൂമി കൂടി ബോർഡിന്റെ ചാലക്കുടി ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയ ശേഷം പദ്ധതിക്കു ചെലവായ മുഴുവൻ തുകയും അലോട്ടികളിൽ നിന്ന് ഈടാക്കിക്കൊണ്ട് സമ്പൂർണ്ണ വിലയാധാരം നൽകുന്നതാണ്. എന്നാൽ ബോർഡിന് ടി പദ്ധതിയിലേക്കായി നാളിതുവരെ ചെലവായതും ഭാവിയിൽ വരാവുന്നതുമായ ചെലവുകൾ കണക്കാക്കി പുനർനിർണ്ണയം ചെയ്ത തുകയും അതിന്റെ 30% അധിക തുകയും ഓരോ അലോട്ടികളിൽ നിന്നും ഈടാക്കി സമ്പൂർണ്ണ വിലയാധാരം നൽകുവാൻ 20.10.1998 (ഇനം-2) ബോർഡ് തീരുമാനം എടുത്തതിൻ പ്രകാരം അലോട്ടികൾക്ക് വിലയാധാരം നൽകി വരുന്നു. ടി പദ്ധതിയിലെ മൊത്തം 124 അലോട്ടികളിൽ 103 പേർക്ക് നാളിതുവരെയായി വിലയാധാരം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 21 പേർക്കും മേൽപറഞ്ഞ രീതിയിൽ വിലയാധാരം ലഭ്യമാക്കുന്നതിന് തടസ്സമില്ലാത്തതുമാണ്.

സെക്ഷൻ ഓഫീസർ